പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.247 — 03.02.2020 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി<br>,, എം. നൗഷാദ്<br>,, ജെയിംസ് മാത്യു<br>,, കെ. ദാസൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ 439 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ആദ്യ സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കുടുംബാരോഗ്യ കേന്ദ്രം പൂഴനാട് (തിരുവനന്തപുരം ജില്ല) കുടുംബാരോഗ്യ കേന്ദ്രം കയ്യൂർ (കാസർഗോഡ് ജില്ല) എന്നിവ 99% മാർക്കോടെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച കുടുംബാരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കുടുംബാരോഗ്യകേന്ദ്രം നൂൽപ്പുഴ (വയനാട്), കുടുംബാരോഗ്യകേന്ദ്രം ചെറുതാഴം (കണ്ണൂർ) എന്നിവ 98% രണ്ടാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. രാജ്യത്തെ മികച്ച പി.എച്ച്.സി ഗണത്തിൽ ആദ്യത്തെ 12 സ്ഥാനങ്ങളും കേരളം കരസ്ഥമാക്കിയിട്ടുണ്ട്. |
| (സി) | ആരോഗ്യ രംഗത്ത് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ കൂടുതൽ സഹായം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | എൻ.എച്ച്.എം.ന്റെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ആരോഗ്യമിഷൻ മുഖേന ഫണ്ട് ലഭ്യമാക്കി വരുന്നുണ്ട്. മറ്റ് ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായും ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

Hari
സെക്ഷൻ ഓഫീസർ